**Circular**
**മാർ ജെയിംസ് പട്ടേരിൽ സി.എം.എഫ്.**
**No. 06/ 2026**

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മാർ തോമാ നസ്രാണികളുടെ പിതാവും നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥനുമായ വി. തോമ്മാശ്ലീഹായുടെ മരണ ദിനം ദുക്റാന തിരുനാളായി ജുലൈ 3ന് നാം ആചരിക്കുകയാണല്ലോ. തോമ്മാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ വിശ്വാസം സ്വീകരിച്ച നമ്മുടെ പൂർവ്വികന്മാർ നമുക്ക് കൈമാറിത്തന്ന വിശ്വാസത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശിപ്പിക്കാൻ നാം കടപ്പെട്ടവരാണെണ് ഈ തിരുനാൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഏവർക്കും ദുക്റാന തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു!

വിശുദ്ധ തോമാശ്ലീഹാ നമ്മുടെ വിശ്വാസത്തിന്റെ പിതാവാണ്. അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം (യോഹ 11 :16) എന്ന അപ്പസ്തോലന്റെ വാക്കുകൾ ഈശോയുമായുള്ള ആഴമായ സൗഹൃദത്തിൽ നിന്ന് ശക്തി പ്രാപിച്ചവയായിരുന്നു. തോമ്മാശ്ലീഹായ്ക്ക് ഈശോയുമായുള്ള സൗഹൃദത്തിൽനിന്ന് വിശ്വാസത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശിപ്പിക്കാൻ സാധിച്ചതുപോലെ നമുക്കും ഈശോയുമായുള്ള സ്നേഹ സൗഹൃദത്തിലൂടെ വിശ്വാസത്തിന്റെ വെളിച്ചം നമ്മുടെ കുടുംബത്തിലും, സമൂഹത്തിലും, ഇടവകയിലും പ്രകാശിപ്പിക്കാൻ സാധിക്കണം.

ഈശോയെ കൂടുതൽ അറിയാനും കൂടുതൽ സ്നേഹിക്കാനും ആഗ്രഹിച്ച ശ്ലീഹായുടെ ആത്മാർത്ഥത നിറഞ്ഞു നില്ക്കുന്ന സമീപനം സുവിശേഷത്തിൽ കാണുന്നുണ്ട്. ‘‘കർത്താവേ നീ എവിടേയ്ക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ, പിന്നെ വഴി ഞങ്ങൾ എങ്ങനെയറിയും’’ (യോഹ 14 : 5) എന്ന ചോദ്യം ഈശോമിശിഹായെ ഏറ്റവും അടുത്തനുഗമിക്കാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹത്തെയാണ് പ്രകടമാക്കുന്നത്. താൻ സ്ഥലത്തില്ലാതിരുന്നപ്പോൾ മറ്റുള്ളവർക്കു നൽകപ്പെട്ട ഉത്ഥിതന്റെ ദർശനം തനിക്കും ലഭിക്കണമെന്ന തീവ്രമായ ആഗ്രഹവും ‘‘അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണു

കയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല" (യോഹ 20 : 25) എന്ന ശാഠ്യവും തോമ്മാശ്ലീഹായുടെ വിശ്വാസത്തിന്റെ വലിയ ഏറ്റുപറച്ചിലായിരുന്നു. ഇപ്രകാരം, ഈശോമിശിഹായോടുള്ള വ്യക്തിപരമായ സ്നേഹവും അടുപ്പവും ഹൃദയത്തിൽ സൂക്ഷിച്ച തോമ്മാശ്ലീഹാ, തന്റെ ഗുരുവിൽ ഉത്ഥിതന്റെ അടയാളങ്ങൾ കണ്ടപ്പോൾ നടത്തിയ എന്റെ കർത്താവേ എന്റെ ദൈവമേ എന്ന വിശ്വാസ പ്രഖ്യാപനം, അദ്ദേഹത്തിന്റെ സ്നേഹവും, വിശ്വാസവും തീക്ഷ്ണതയും പ്രകടിപ്പിക്കുന്നതായിരുന്നു.

ഹൃദയബന്ധത്തിന്റെ പ്രാധാന്യം 'അവൻ നമ്മെ സ്നേഹിച്ചു' (*Dilexit Nos*) എന്ന തന്റെ ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നുണ്ട്. ദൈവവുമായും സഹോദരങ്ങളുമായും കൂട്ടായ്മയിലായിരിക്കാനും അതുവഴി യഥാർഥവും പൂർണവുമായ ജീവിതം നയിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നതു നിരുപാധികവും സമ്പൂർണവുമായ സ്നേഹത്തിന്റെ തികഞ്ഞ മാതൃകയായ ഈശോയുടെ ഹൃദയമാണെന്നു പരിശുദ്ധ പിതാവ് ഈ ചാക്രിക ലേഖനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ വിശ്വാസത്തെ നമുക്ക് സ്നേഹത്തിലൂടെ പ്രവർത്തനനിരതവും ഫലപ്രദവുംമാകാം. സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണല്ലോ വി. പൗലോസ്ശ്ലീഹ നമ്മിൽ നിന്നാവശ്യപ്പെടുന്നത് (ഗലാ 5, 6).

ജൂലൈ മൂന്ന് ദുക്റാന തിരുനാൾ കടമുള്ള ദിവസം കൂടിയാണ്. സാധിക്കുന്നവർ അന്നേ ദിവസം വിശുദ്ധ കുർബാനയിൽ പങ്കെടുക്കണം. സീറോ മലബാർ സഭാ ഈ ദിവസം സഭാദിനമായി ആചരിക്കുകയാണല്ലോ. നമ്മുടെ സഭയ്ക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. സീറോ മലബാർ സഭയുടെ വിശ്വാസ പാരമ്പര്യവും സഭാ ചൈതന്യവും എല്ലാവർക്കും ആഴത്തിൽ മനസ്സിലാകത്തക്കവിധമുള്ള കാര്യപരിവാടികൾ ഒരുക്കേണ്ടതാണ്. ഉചിതമായ കർമ്മപരിപാടികളോടെ ഈ തിരുനാൾ ആചരിക്കുവാൻ നിങ്ങളെ എല്ലാവരേയും ഞാൻ ആഹ്വാനം ചെയ്യുന്നു. ഒപ്പം നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥനായ മാർ തോമ്മാശ്ലീഹായോട് നമ്മുടെ രൂപതയ്ക്ക് വേണ്ടി മാദ്ധ്യസ്ഥം അപേക്ഷിക്കാം.

എന്റെ കർത്താവേ, എന്റെ ദൈവമെ എന്ന് വിളിച്ചാരാധിച്ചു കൊണ്ട് ഈശോയോടും ശിഷ്യന്മാരുടെ കൂട്ടായ്മയോടും ചേർന്നു നിന്ന തോമാശ്ലീഹായായിരിക്കട്ടെ നമ്മുടെ മാതൃക. തോമ്മാശ്ലീഹായ്ക്ക് ഈശോയോടും ശിഷ്യന്മാരുടെ കൂട്ടായ്മയോടും ചേർന്നു നിൽക്കാൻ സാധിച്ചതുപോലെ നമുക്കും നമ്മുടെ സഭയിലും, ഇടവകയിലും, കുടുംബത്തിലും, സമൂഹത്തിലും, കൂട്ടായ്മ പ്രകാശിപ്പിക്കാൻ സാധിക്കണം. ക്രൈസ്തവ മൂല്യങ്ങളിൽ അടിയുറച്ചവരുടെ കൂട്ടായ്മയായി നാം സമൂഹമദ്ധ്യത്തിൽ പ്രകാശിക്കേണ്ടതുണ്ട്.

തോമാശ്ലീഹായെപോലെ ഈശോയുമായുള്ള ആഴമായ സൗഹൃദത്തിൽനിന്ന് വിശ്വാസത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശിപ്പിക്കാൻ സാധികട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ടും വാത്സല്യപൂർവം നമ്മെ സംരക്ഷിക്കുന്ന നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന്റെയും നമ്മുടെ രൂപതയുടെ മധ്യസ്ഥനായ വി. തോമാശ്ലീഹയുടെയും സംരക്ഷണയ്ക്ക് നിങ്ങളെ എല്ലാവരെയും സമർപ്പിച്ചുകൊണ്ടും + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി — **+ മാർ ജെയിംസ് പട്ടേരിൽ സി.എം.എഫ്.**

28.05.2026 — ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB**: ഈ സർക്കുലർ 28.06.2026ന് എല്ലാ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.